II. ശ്രദ്ധക്ഷണിക്കൽ

(1) മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

[9.30 a.m.] ശ്രീ. കെ. അച്ചുതൻ : സർ, ഈ വിഷയത്തെക്കുറിച്ച് കഴിഞ്ഞ ദിവസം തൃത്താല മെമ്പർ ശ്രീ. വി.കെ. ചന്ദ്രൻ ഒരു സബ്മിഷൻ ഉന്നയിക്കുകയും, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തതാണ്.

മി. സ്പീക്കർ : അങ്ങനെയാണെങ്കിൽ അനുവദിക്കാൻ പാടില്ലാത്തതാണ്.

ശ്രീ. കെ. അച്ചുതൻ : അതിനേക്കാൾ ഗൗരവതരമായ പ്രശ്നം നിലനിൽക്കുന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ജനകീയാസൂത്രണ പദ്ധതിപ്രകാരം 1997-98 ലും 1998-99ലും മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പക്ക് അപേക്ഷിച്ച 5,000 ത്തിലധികം അപേക്ഷകൾ പാലക്കാട് ജില്ലയിൽ മാത്രം കെട്ടിക്കിടക്കുകയാണ്. പാവപ്പെട്ട ആളുകൾക്ക്, കുടിലിൽ താമസിക്കുന്ന ആളുകൾക്ക് വീട് കെട്ടിക്കൊടുക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഏരിയയിൽ താമസിക്കുന്ന അപേക്ഷകർ 11,600 രൂപയും മുനിസിപ്പൽ പ്രദേശത്തുള്ളവർ 12,500 രൂപയും വീതം കെട്ടിവച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അവർക്ക് വായ്പ കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കണം. കാളിംഗ് അറ്റൻഷൻ ആയതുകൊണ്ട് മന്ത്രി ഒന്ന് ശ്രദ്ധിക്കണമെന്ന് പറയുകയാണ്.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.... ചോദ്യോത്തോര സമയം, കാളിംഗ് അറ്റൻഷൻ, സബ്മിഷൻ ഈ സമയങ്ങളിൽ മന്ത്രിമാരെ ഡിസ്റ്റർബ് ചെയ്യുന്ന ഒരു സംഗതിയും പാടില്ല. ചോദ്യോത്തരവേളയിൽ അധികം മൂവ്മെന്റ്സും പാടില്ല.

ശ്രീ. കെ. അച്ചുതൻ : പാലക്കാട് ടൗണിലാണ് ഹൗസിംഗ് ബോർഡിന്റെ ഓഫീസ്. മാനദണ്ഡമനുസരിച്ച്, ഏറ്റവും പാവപ്പെട്ട ആളുകളാണ് വീടിന് അപേക്ഷ നൽകിയിട്ടുള്ളത്. എല്ലാ ദിവസവും ആയിരത്തോളം ആളുകൾ പാലക്കാട് ഹൗസിംഗ് ബോർഡ് ഓഫീസിൽ എത്തുകയും അവിടെ നിന്ന് വ്യക്തമായൊരു മറുപടി ലഭിക്കാതെ മടങ്ങി പോകുകയുമാണ് ചെയ്യുന്നത്. ഫണ്ടില്ല എന്നു പറയും; എന്ന് ഫണ്ട് വരുമെന്ന് പറയാൻ പറ്റില്ല. എന്നാണ് അവർ പറയുന്നത്. ഫണ്ട് വന്നു കഴിഞ്ഞാൽ ചെക്ക് ഒപ്പിടാനുള്ള അക്കൗണ്ട്സ് ഓഫീസർ സ്ഥലത്തില്ല. അദ്ദേഹത്തിന് വേറെ ഒരു ജില്ലയിൽ ചാർജ്ജാണ് എന്നു പറയും. അദ്ദേഹം എന്നു വരുമെന്ന് ചോദിച്ചാൽ പറയില്ല. പാവപ്പെട്ട ഹരിജനങ്ങളടക്കമുള്ള ആയിരത്തോളം ആളുകളാണ് ഓരോ ദിവസവും ഹൗസിംഗ് ബോർഡ് ഓഫീസിൽ വരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, അങ്ങയുടെ പാർട്ടി ഉൾക്കൊള്ളുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ പഞ്ചായത്ത് പ്രസിഡന്റ് അടക്കം ആ ഓഫീസിനകത്ത് കയറി ബഹളം ഉണ്ടാക്കിയത് അങ്ങ് അന്വേഷിച്ചാൽ മനസ്സിലാകുന്നതാണ്. ദിവസവും സ്ഥിതി ഇതാണ്. പാവപ്പെട്ട ആളുകൾ ദിവസവും ഓഫീസിൽ വരുന്നു, എന്തു ചെയ്യണമെന്ന് അവർക്ക് അറിയില്ല. ഇന്ന് ചോദിച്ചാൽ പറയും ഇന്ന് കൊടുക്കാൻ പറ്റില്ല എന്ന്. പിന്നെ എപ്പോൾ എന്നു ചോദിച്ചാൽ അതിന് മറുപടി ഇല്ല. വ്യക്തമായ ഒരു മറുപടി കിട്ടാതെ ഇന്ന് പാലക്കാട് ടൗണിൽ ഗതി കിട്ടാ പ്രേതങ്ങളെപ്പോലെ അലയുന്ന പാവപ്പെട്ട ആളുകളെയാണ് നമുക്ക് കാണാൻ കഴിയുന്നത്. മൈത്രീ ഭവനപദ്ധതിയിൽ അപേക്ഷ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ഉണ്ടായിരുന്ന കുടിൽ വലിച്ചിട്ടതിനുശേഷം ഫൗണ്ടേഷൻ കെട്ടി നടക്കുകയും ചെയ്യുന്ന ആളുകൾക്ക് ചിലപ്പോൾ ഒന്നാം ഗഡു കിട്ടിയാൽ ആകെ ചെയ്യാൻ കഴിയുന്നത് ചെളികൊണ്ടുള്ള ചുമർ മാത്രം കെട്ടുകയാണ്. അങ്ങനെ ചെളികൊണ്ടുള്ള ചുമർ കെട്ടി ഈ കഴിഞ്ഞ മഴയത്തു തന്നെ രണ്ടു മൂന്നു വീടിന്റെ ചുമർ ഇടിഞ്ഞുപോയതാണ്. മൂന്നുമാസം, നാലുമാസമായിട്ടും ലോണിന്റെ രണ്ടാം ഗഡു കൊടുക്കാതിരുന്നാൽ ഈ പാവപ്പെട്ട ആളുകൾക്ക് എന്തുചെയ്യാൻ കഴിയും? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു അഭിപ്രായം പറയാനുള്ളത്, പഞ്ചായത്തുകൾ മുഖാന്തിരം അയക്കുന്ന അപേക്ഷകൾ, സ്റ്റേജ് സർട്ടിഫിക്കറ്റ് അടക്കം പഞ്ചായത്ത് ഹാജരാക്കിയാൽ, പഞ്ചായത്തുകൾക്ക് ഈ പണം നൽകിയാൽ, പഞ്ചായത്തിൽ പോയാൽ ആളുകൾക്ക് ചെക്ക് അവിടെനിന്ന് കിട്ടാനുള്ള സ്ഥിതിയുണ്ടാകും എന്നതിനാൽ അതിന് നടപടി സ്വീകരിക്കണമെന്നാണ്. 40-50 കിലോമീറ്റർ ദൂരം ദിവസവും ബസ്സിൽ യാത്രചെയ്ത് പാലക്കാട് ടൗൺ പോലും കാണാത്ത ആളുകൾ ഈ ഹൗസിംഗ് ബോർഡ് ഓഫീസിൽ പോയി തിക്കിത്തിരക്കി നിൽക്കുമ്പോൾ ഇന്നു പണമില്ല എന്നു പറയുന്നതും എന്നു വരണമെന്ന് ചോദിച്ചാൽ അറിയില്ല എന്നു പറയുന്നതും വേദനാജനകമാണ്. സ്വന്തം വീട് എന്നത് ഒരു ആഗ്രഹമായതുകൊണ്ട് എല്ലാ ആളുകളും ദിവസവും ഇവിടെ കയറിയിറങ്ങുന്ന ഒരു സാഹചര്യം പാലക്കാട് കാണാൻ കഴിയും. അവരുടെ ബുദ്ധിമുട്ട് നേരിട്ട് അറിയുന്നതുകൊണ്ടാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ ഇതു കൊണ്ടുവരാൻ ശ്രമിക്കുന്നത്. പാലക്കാടാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളത് എന്നാണ് തോന്നുന്നത്. കാരണം എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ മൈത്രീ ഭവനപദ്ധതിയുമായി ലിങ്ക് ചെയ്തുകൊണ്ട് ജനകീയാസൂത്രണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഈ തുക ലഭിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. അതുപോലെ 12,500 രൂപ ആദ്യം ഹൗസിംഗ് ബോർഡിൽ അടയ്ക്കുന്നു. പക്ഷേ ഫൗണ്ടേഷൻ കെട്ടിയിട്ടേ ആദ്യഗഡു കൊടുക്കൂ എന്നുപറയുമ്പോൾ ഈ പാവപ്പെട്ട ആളുകൾക്ക് വല്ല ബ്ലേഡ് കമ്പനിയിലും പോയി കാശ് എടുത്തുവേണം ഫൗണ്ടേഷൻ കെട്ടാൻ. എന്നിട്ട് മാസങ്ങൾ കഴിയുന്നു, കാശ് കിട്ടാൻ. ദയവു ചെയ്ത് ഫൗണ്ടേഷൻ കെട്ടാനുള്ള ആദ്യഗഡു അപേക്ഷ കിട്ടികഴിഞ്ഞാൽ ഉടനെ തന്നെ കൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയാൽ നന്നായിരിക്കും. ഏതായാലും പണി കഴിഞ്ഞിട്ടാണ് അവസാനത്തെ ഗഡു കൊടുക്കുന്നത്. അവർക്ക് അതുകൊണ്ട് കാര്യമില്ല. പണി ചെയ്യാനാണ് ഹൗസിംഗ് ബോർഡ് പണം കൊടുക്കുന്നതെങ്കിൽ ഫൗണ്ടേഷൻ കെട്ടാനുള്ള ആദ്യ ഗഡു 9000 രൂപ എന്തുകൊണ്ട് നിങ്ങൾക്ക് ആദ്യം കൊടുത്തുകൂടാ? കാരണം 12,500 രൂപ ഹൗസിംഗ് ബോർഡിൽ ഉണ്ട്. അതുപോലെ സ്റ്റേജ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യം അവസാനത്തെ സ്റ്റേജ് ബന്ധപ്പെട്ട എഞ്ചിനീയർമാർ അന്വേഷിക്കണമെന്നാണ്. അത് ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പറോ, പ്രസിഡന്റോ സർട്ടിഫൈ ചെയ്യുന്നതിനനുസരിച്ച് കൊടുക്കാനുള്ള ഒരു സംവിധാനം കൂടി ഉണ്ടാക്കണം. അങ്ങനെ ഈ പദ്ധതിയനുസരിച്ച് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ബഹു. മന്ത്രി നേരിട്ട് അന്വേഷണം നടത്തണം. ഇതിന് അർഹതപ്പെടുന്ന ആളുകൾ മുഴുവനും പാവപ്പെട്ടവരാണ്. ആ പാവപ്പെട്ടവരെ സഹായിക്കാനുള്ള ഒരു നിർദേശം അങ്ങ് ഹൗസിംഗ് ബോർഡിന് അടിയന്തിരമായി നൽകണം ഇന്നുള്ള സംവിധാനം ലഘൂകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) സർ, മൈത്രീ ഭവനനിർമ്മാണ പദ്ധതിയിലുണ്ടായിട്ടുള്ള നിർണ്ണായകമായ പുരോഗതി മനസ്സിലാക്കിയാണ് ഈ പദ്ധതിയിലേക്ക് കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടിട്ടുള്ളത്. ഈ ഭവനനിർമ്മാണ പദ്ധതിപ്രകാരം; പാവപ്പെട്ട ആളുകൾക്ക് തുക തിരിച്ചടക്കാൻ ബുദ്ധിമുട്ട് ഉണ്ട് എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ വൺ ടൈം ഡെപ്പോസിറ്റ് ആയി പന്തീരായിരത്തി അഞ്ഞൂറു രൂപ ഒന്നിച്ച് ഹൗസിംഗ് ബോർഡിൽ അടച്ചാൽ മുപ്പതിനായിരം രൂപയുടെ വീട് വച്ച് കൊടുക്കുന്നു. ആ ഡെപ്പോസിറ്റ് തുക വ്യക്തികൾക്ക് അടയ്ക്കാം, പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടയ്ക്കാം, മറ്റേതെങ്കിലും വോളന്ററി ഏജൻസിക്ക് അടയ്ക്കാം. ഈ പദ്ധതി വന്നപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ സ്കീമിൽ ഹൗസിംഗ് ബോർഡിൽ തുക അടയ്ക്കുകയുണ്ടായി. തുക അടച്ചാൽ അതുകൊണ്ടു മാത്രം പദ്ധതിപ്രകാരമുള്ള തുക ഡിസ്ബേഴ്സ് ചെയ്യാൻ കഴിയുകയില്ല. പാലക്കാട്ടെ പ്രശ്നമാണ് അദ്ദേഹം പ്രധാനമായിട്ടും ഇവിടെ ഉന്നയിച്ചത്. സംസ്ഥാനത്ത് മൊത്തത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3268 പേർക്കാണ് പൈസ അടച്ചിട്ടുള്ളത്. എന്നാൽ ധനസഹായത്തിന് 2404 അപേക്ഷകളേ കിട്ടിയിട്ടുള്ളൂ. അതിൽ 2200 അപേക്ഷകളും സാംഗ്ഷൻ ചെയ്തു. ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് 1265 പേർക്ക് നൽകി. ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് നൽകുന്നതിനുള്ള വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ പാലിച്ചാൽ ഒരു കാലതാമസവും ഉണ്ടാകുന്നതല്ല.ആ വ്യവസ്ഥകൾ പാലിക്കാതെ തുക കൊടുക്കണമെന്നു നമുക്ക് നിർബ്ബന്ധിക്കാൻ കഴിയുകയില്ല. തറയുടെ ജോലി തീർക്കാതെ പണം കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശം പറയുകയുണ്ടായി. അനുവദിക്കുന്ന തുക മുഴുവൻ വീടു നിർമ്മാണത്തിനുവേണ്ടി തന്നെ ഉപയോഗിക്കണം എന്നുള്ളതു കൊണ്ടാണ് വീടിന്റെ അടിസ്ഥാനം കെട്ടിയതിനുശേഷം മാത്രമേ ആദ്യഗഡു നൽകുകയുള്ളൂ എന്ന വ്യവസ്ഥ വച്ചിട്ടുള്ളത്. ആദ്യത്തെ ഇൻസ്റ്റാൾമെന്റ് തുക വാങ്ങിയിട്ട് ഭവന നിർമ്മാണം തുടങ്ങാതിരുന്നാൽ ആരാണ് ഉത്തരവാദി? അതുകൊണ്ട് ഗുണഭോക്താവിന്റെ ഒരു അദ്ധ്വാനവും അതിൽ ഉണ്ടാകണം. തറ തീർത്തതിനു ശേഷം ഒന്നാമത്തെ ഗഡു കൊടുക്കുക എന്നുള്ള വ്യവസ്ഥ മാറ്റേണ്ട എന്നുള്ളതുതന്നെയാണ് പൊതുവായ അഭിപ്രായം. ഗഡുക്കൾ കൊടുക്കുന്നതിന് ഉള്ള ബുദ്ധിമുട്ടുകൾ വളരെ ലഘൂകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വരുമ്പോൾ ഉദ്യോഗസ്ഥന്മാർ തന്നെയാണ്, സ്റ്റേജ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടിയിരുന്നത്. ഇപ്പോൾ അതു മാറ്റി പഞ്ചായത്തു മെമ്പർ, അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിലർ, അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തു മെമ്പർ ഇവരിലാരെങ്കിലും സ്റ്റേജ് സർട്ടിഫിക്കറ്റ് കൊടുത്താൽ അപ്പോൾ തന്നെ തുക നൽകുന്നുണ്ട്. തുകയില്ലാത്ത പ്രശ്നമില്ല. ഇതു മാത്രമല്ല ഇപ്പോൾ എല്ലാ ജില്ലകളിലും ശരിയായിട്ടുള്ള രേഖകളുള്ള മുഴുവൻ കേസുകളിലും തുക കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുമുണ്ട്, കാലവിളംബം ഉണ്ടാകുന്നില്ല. നടപടികൾ പൂർത്തിയാക്കാതെ തങ്ങൾക്ക് വായ്പ ലഭിക്കും എന്നുള്ള വിവരം കേട്ടുമാത്രം ഗുണഭോക്താക്കൾ എത്തിയാൽ നമുക്ക് ഗഡുക്കൾ കൊടുക്കാൻ സാധിക്കുകയില്ല. ചില സ്ഥലങ്ങളിൽ എംപ്ലോയീസിന്റെ കുറവുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അങ്ങനെയുള്ള സ്ഥലങ്ങളിൽ ആളെ ഡെയിലി വേജസിലെങ്കിലും നിയമിച്ച് തുക നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അറുപതിനായിരത്തി അറുന്നൂറ്റി എഴുപത്തിയൊൻപത് പേർക്ക് വായ്പ നൽകുന്നതിന് ഈ സ്കീമിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പാല

LIBRARY ARCHIVES Kerala Legislative Assembly

ക്കാട് ജില്ലയിൽ മാത്രമല്ല അപേക്ഷകരുടെ കുറവു വന്നിരിക്കുന്നത്. അറുപതിനായിരത്തി അറുന്നൂറ്റി എഴുപത്തിയൊൻപത് പേർക്ക് വേണ്ടി തുക നിക്ഷേപിച്ചുവെങ്കിലും നാല്പത്തിരണ്ടായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത് അപേക്ഷകൾ മാത്രമേ ഭവനനിർമ്മാണ ബോർഡിൽ കിട്ടിയിട്ടുള്ളൂ. ഇതിൽ 36375 പേർക്ക് വായ്പാനുവാദം നല്കി കഴിഞ്ഞു. ഇതിൽ ഇരുപത്തിയെണ്ണായിരത്തി അറുന്നൂറ്റിയിരുപത്തിയാറു പേർക്ക് ഒന്നാം ഗഡു നൽകിക്കഴിഞ്ഞു. സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് മറ്റ് ഗഡുകളും നൽകികൊണ്ടിരിക്കുകയാണ്. 17838 പേർക്ക് രണ്ടാം ഗഡു നല്കി കഴിഞ്ഞു; പതിമൂന്നായിരത്തി ഇരുപത്തിയെട്ടു പേർക്ക് മൂന്നാം ഗഡു നൽകിക്കഴിഞ്ഞു. ഇനി 30-6-99-വരെ 56.45 കോടി രൂപ ഹൗസിംഗ് ബോർഡ് ഇതിനുവേണ്ടി വിതരണം ചെയ്തു കഴിഞ്ഞു ഗുണഭോക്താക്കൾ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിച്ചിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞ ഉദ്യോഗസ്ഥൻമാരിൽ ആരെങ്കിലും ഒപ്പിട്ടുകൊടുത്താൽമതി. അപൂർണ്ണവും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകളിൻമേൽ ഇതു പരിശോധിക്കാനുള്ള കാലതാമസം ഉണ്ടാകും. അഞ്ചു ലക്ഷം രൂപയിൽ കൂടുതലുള്ള തുകകൾക്കുള്ള ബിൽ മാറ്റുന്നതിനു ചില നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും തുകയുടെ അഭാവം ഇതിൽ ഒരു പ്രശ്നമായി കാണുന്നില്ല. രേഖകൾ ശരിയായാൽ അപ്പോൾത്തന്നെ തുക കൊടുക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ കുറച്ചുകൂടി പ്രചരണം ആവശ്യമാണെന്നാണ് എനിക്കു തോന്നുന്നത്. വീടുകളുടെ ഏരിയായെ സംബന്ധിച്ചാണ് വില്ലേജാഫീസർമാർക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നത്. 35 സ്കയർ മീറ്ററിൽ കൂടതലായാൽ വായ്പ കൊടുക്കുകയില്ല എന്നുള്ള ഒരു നിയന്ത്രണമുണ്ടായിരുന്നു. വലിയ വീടുകളായി തുടങ്ങിയാൽ പണിതീർക്കാൻ കഴിയുകയില്ല എന്നതുകൊണ്ടാണ് ആ നിയന്ത്രണമേർപ്പെടുത്തിയത്. ഹഡ്കോയുമായി ചർച്ച ചെയ്ത് അത് 50 സ്കയർ മീറ്ററായി ഉയർത്തിയിട്ടുണ്ട്. ഏരിയ അൽപ്പംകൂടി വലിപ്പപ്പെടുത്തിയാലും അത് തടസ്സമാവില്ല, അതിന് വായ്പ ലഭിക്കും. 35 സ്കയർ മീറ്ററിൽ ഒരു മീറ്റർ കൂടിയാൽ വായ്പ കൊടുക്കില്ല എന്നൊരു നിയന്ത്രണമുണ്ടായിരുന്നു; അതിപ്പോൾ മാറ്റി 50 സ്കയർ മീറ്ററാക്കിയിട്ടുണ്ട്. മൈത്രീ ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലഘുലേഖ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണംചെയ്യാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി വിജയകരമായി തുടരുന്നതുകൊണ്ടാണ് ഇത്രയധികം ആളുകൾ മുന്നോട്ടുവരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ ഇനിയും പ്രായോഗികമായ ബുദ്ധിമുട്ടുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, ഫസ്റ്റ് സ്റ്റേജ് സർട്ടിഫിക്കറ് ഇപ്പോഴും നൽകേണ്ടത് വില്ലേജാഫീസർമാരാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രം അപേക്ഷകൾ സ്വീകരിച്ചാൽ മതിയെന്നാണ് എന്റെ അഭിപ്രായം. കാരണം പലപ്പോഴും ഓഫീസുമായി ബന്ധപ്പെടുമ്പോൾ ഫണ്ട് ഇല്ല, ഫണ്ട് ഇല്ല, എന്നാണ് പറയുന്നത്. ഫണ്ടില്ലെങ്കിൽപ്പിന്നെ ഒരു വർഷം ഒരു ജില്ലയിൽ ഇത്ര വീടുകൾ മാത്രമേ കൊടുക്കുകയുള്ളൂ എന്ന് ഒരു മുൻകൂട്ടിയുള്ള ധാരണയുണ്ടായിരുന്നാൽ കുറച്ചുകൂടി നമുക്ക് അത് എളുപ്പമാക്കാൻ സാധിക്കും; അപേക്ഷകൾ വാങ്ങിച്ച് ആളുകളെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കാനും സാധിക്കും.

<u>ശ്രീ. പി.ജെ. ജോസഫ്</u> : ആദ്യത്തേത് ഭൂമിയെ സംബന്ധിച്ച വിവരം ആയതുകൊണ്ട് വില്ലേജാഫീസർ തന്നെയാണ് നൽകേണ്ടത് എന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് വ്യവസ്ഥ. പിന്നെ ഫണ്ടിന്റെ ലഭ്യതയെ സംബന്ധിച്ച് പറയുകയാണെങ്കിൽ എല്ലാ ജില്ലകളിലും ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ട് ഇല്ലാത്ത പ്രശ്നമില്ല. അപേക്ഷകളിലുള്ള അപാകതകൾ പരിഹരിച്ചാൽ മതി; ഫണ്ട് കൊടുക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്.

(2) പബ്ലിക് സർവീസ് കമ്മിഷന്റെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും പ്രവർത്തനം

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള 38 ലക്ഷം തൊഴിൽരഹിതരുള്ള ഒരു സംസ്ഥാനമാണ് കേരളം. വൻകിടവ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. തൊഴിൽരഹിതരുടെ പ്രശ്നമാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇപ്പോൾ തൊഴിൽരഹിതർ പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ സർവീസിനേയും പൊതുമേഖലയേയുമാണ്. സമീപകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക-വ്യാവസായിക മേഖലകളിൽകൂടി, ജനകീയാസൂത്രണ പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള പരിശ്രമം നടക്കുന്നതായി ഞങ്ങൾ കാണുകയാണ്. 1998-ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവർ പതിനൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി ഇരുന്നൂറ്റിയെൺപത്തിയാറ് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. പൊതുമേഖലയിൽ ആറു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റി എൺപത്തിയെട്ടും സഹകാര്യമേഖലയിൽ അഞ്ചുലക്ഷത്തിനാല്പത്തിയാറായിരത്തി തൊണ്ണൂറ്റിയെട്ടും പേരാണ് തൊഴിൽ ചെയ്യുന്നത്. ഇതു വ്യക്തമാക്കുന്നത് പൊതുമേഖലയാണ് കേരളത്തിലെ പ്രധാന തൊഴിൽദായക മേഖല എന്നു തന്നെയാണ്. തൊഴിൽ നൽകുന്ന ഏജൻസി പബ്ലിക് സർവീസ് കമ്മിഷനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമാണ്. പത്ത് ഒഴിവ് ഉണ്ടായാൽ ഒരു ലക്ഷം പേർ അപേക്ഷ നൽകുന്ന സ്ഥിതിയാണ് ഇന്നു കേരളത്തിലുള്ളത്. പബ്ലിക് സർവീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഉള്ള നിയമനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതും കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല. മൂന്നു മാസത്തിലൊരിക്കൽ നിയമനാധികാരികളായിട്ടുള്ള വകുപ്പുമേധാവികൾ ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കണമെന്നുള്ളതാണ് ചട്ടം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ മൂന്നു നാലു തവണ വകുപ്പുമേധാവികൾക്ക് കർക്കശമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭാ കമ്മിറ്റിപോലും ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്, എന്നിട്ടും ഇക്കാര്യത്തിൽ കുറ്റകരമായ വീഴ്ചയാണ് ഉണ്ടാകുന്നത്. ഒരു ഉദാഹരണം ഞാൻ പറയാം, ഇത് ഒരു ഒറ്റപ്പെട്ട ഉദാഹരണമല്ല, കണ്ണൂർ ജില്ലയിലെ എൽ.ഡി.സി. റാങ്കുലിസ്റ്റിന്റെ കാലാവധി 1998 ഒക്ടോബറിൽ തീരുകയാണ്. നോക്കിയപ്പോൾ വിവിധ വകുപ്പുകളിൽ എൽ.ഡി.സി.യുടെ ഒഴിവുള്ളതായിട്ടാണ് കണ്ടത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഫലമായി ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ, അതുപോലെതന്നെ മറ്റ് രീതിയിലുള്ള നിയമനങ്ങൾ എന്നിവവഴി ഈ ഒഴിവുകൾ നികത്തുകയാണ്. പബ്ലിക് സർവീസ് കമ്മിഷനിൽ ഇന്ന് 70 ലക്ഷത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഇതിന് പരിഹാരം കാണണം. കാലതാമസം ഒഴിവാക്കാൻ കഴിയണം. കമ്പ്യൂട്ടറൈസേഷനാണ് അതിന് പ്രധാനപ്പെട്ട ഒരു പരിഹാര മാർഗ്ഗം. പബ്ലിക് സർവീസ് കമ്മി

LIBRARY ARCHIVES Kerala Legislative Assembly